




# ഒറ്റപ്പാലത്ത് വൻ കഞ്ചാവ് വേട്ട

ഒറ്റപ്പാലം മായന്നൂർ പാലത്തിനടിയിൽ ബാഗിൽ സൂക്ഷിച്ച നിലയിൽ 15 കിലോ കഞ്ചാവ് ജില്ലാ ലഹരി വിരുദ്ധ സ്ക്വാഡ് കണ്ടെത്തി. ഒറ്റപ്പാലം ചേലക്കര റോഡിൽ മായന്നൂർ പാലത്തിൻെറ താഴേക്ക് , റെയിൽവേ ട്രാക്കിലേക്ക് ഇറങ്ങുന്ന ഭാഗത്തുള്ള കുറ്റിക്കാട്ടിലാണ് ബാഗിൽ സൂക്ഷിച്ച നിലയിൽ 8 പാർസലുകൾ കണ്ടെത്തിയത്. ധാൻ ബാദ് ആലപ്പുഴ എക്സ്പ്രസിൽ ആന്ധ്രയിൽ നിന്നും കൊണ്ടുവന്ന് ഒറ്റപ്പാലം ഭാഗത്തുള്ള ചില്ലറ കച്ചവടക്കാർക്ക് കൈമാറാൻ സൂക്ഷിച്ചു വെച്ചതാണെന്ന് സംശയിക്കുന്നു. കഞ്ചാവി ൻെറ ഉടമസ്ഥനെ കണ്ടെത്താനായില്ല. പോലീസ് പരിശോധന ശക്തമായതിനെത്തുടർന്ന് പോലീസ് പിടിയിലാകാതിരിക്കാനാണ് കുറ്റിക്കാട്ടിൽ ഒളിപ്പിച്ച് പ്രതികൾ രക്ഷപ്പെട്ടത്. കണ്ടെത്തിയ കഞ്ചാവിന് ചില്ലറ വിപണിയിൽ 8 ലക്ഷം രൂപയോളം വില വരും.



## മായന്നൂർ പാലത്തിനടിയിൽ 15 കിലോ കഞ്ചാവ്

ധാൻബാദ് ആലപ്പുഴ എക്സ്പ്രസിൽ കൊണ്ടുവന്ന് ചില്ലറ കച്ചവടക്കാർക്ക് കൈമാറാൻ സൂക്ഷിച്ചതാണെന്ന് സംശയിക്കുന്നു

പാലക്കാട് ജില്ല പോലീസ് മേധാവി ശിവവിക്രം IPS ൻെറ നിർദ്ദേശത്തെത്തുടർന്ന് നർകോട്ടിക് സെൽ DySP ബാബു K തോമസി ൻെറ നേതൃത്വത്തിലായിരുന്നു പരിശോധന. ഷൊർണ്ണൂർ DySP N. മുരളീധരൻ, ഒറ്റപ്പാലം ഇൻസ്പെക്ടർ M.സുജിത്, ASI അനിൽകുമാർ, K.B. ഉദയകുമാർ, M.മുകുന്ദകുമാർ, സുനന്ദകുമാർ ഡാൻസാഫ് സ്ക്വാഡ് അംഗങ്ങളായ S.I. S.ജലീൽ, V. ജയകുമാർ, T. R. സുനിൽ കുമാർ, റഹീം മുത്തു, സൂരജ് ബാബു, K. അഹമ്മദ് കബീർ, R. വിനീഷ്, R. രാജീദ്, ദിലീപ്, S. ഷമീർ എന്നിവരടങ്ങിയ സംഘമാണ് കഞ്ചാവ് കണ്ടെത്തിയത്.

..........................................................................................................................................

100 POLICE STATION | 1091 WOMEN HELPLINE | 9497 900 000 MESSAGE CENTRE | 9846 100 100 HIGHWAY ALERT | 1090 CRIME STOPPER | 1098 CHILD LINE | 9846 200 100 RAILWAY ALERT